**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2236 08.05.2017 -ൽ മറുപടിക്ക്**

**കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി പ്രകാരം സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിനായി ആകെ പദ്ധതി തുക എത്രയാണ്; ഇതിൽ ലോകബാങ്ക് വായ്പ എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) കെ.എസ്.റ്റി.പി രണ്ടാം ഘട്ട പദ്ധതിയിൽ റോഡ് നിർമ്മാണം ഉൾപ്പടെ ആകെ പദ്ധതി തുക 2403 കോടി രൂപയാണ്. ഇതിൽ ലോക ബാങ്ക് വായ്പ 1166 കോടി രൂപയാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ എത്രശതമാനം പ്രവൃത്തികളാണ് ഇതുവരെ പൂർത്തീയായിട്ടുള്ളത്; പദ്ധതി തുകയുടെ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട്; | (ബി) പ്രസ്തുത പദ്ധതിയുടെ 72% പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടുണ്ട്. പദ്ധതി തുകയുടെ 35.64% (856.41 കോടി രൂപ) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ വായ്പ പിൻവലിക്കുന്നത് സംബന്ധിച്ച് ലോകബാങ്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) കെ.എസ്.റ്റി.പി രണ്ട് പദ്ധതിയിലുൾപ്പെടെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ള പുനലൂർ - പൊൻകുന്നം റോഡ് പുനരുദ്ധാരണം ഒഴിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥലം ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ പെരുമ്പിലാവ് - പെരിന്തൽമണ്ണ എന്ന അപ്ഗ്രഡേഷൻ പ്രവൃത്തിയുടേയും, പുരോഗതി കൈവരിക്കാത്തതിനാൽ നടത്താനാകാതിരുന്ന സ്റ്റാറ്റജിക് റോഡ് നെറ്റ് വർക്ക് പദ്ധതിയുടേയും ഉപയോഗിക്കാത്ത തുക ലോൺ തുകയിൽ കുറയ്ക്കാനായി നിർദ്ദേശം വെയ്ക്കുവാനായി ലോകബാങ്ക് അറിയിച്ചിട്ടുണ്ട്. |
| (ഡി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് യഥാസമയം അവലോകന യോഗം കൂടി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും, സമയ ബന്ധിതമായി |

പൂർത്തീകരിക്കുന്നതിനും, കോൺട്രാക്ടർക്കും കൺസൽട്ടന്റ് എഞ്ചിനീയർക്കും, കെ.എസ്.ടി.പി എഞ്ചിനീയർക്കും നിർദ്ദേശം നൽകുന്നുണ്ട്. പ്രവൃത്തികളുടെ പുരോഗമനത്തിനുള്ള തടസ്സങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

S-Bindu

**സെക്ഷൻ ഓഫീസർ**